(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നു പറയാമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്.

(ബി) ഖാദിയുടെ കീഴിലുള്ള നൂൽനൂൽപ്പ്, നെയ്ത്തു മേഖലകളിൽ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്, ഇത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) 3,35,466 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് ബോർഡ് പ്രതീക്ഷിക്കുന്നത്.

പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

* [268] ശ്രീ. കെ. പി. അരവിന്ദാക്ഷൻ:

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, കെ. പുരുഷോത്തമൻ:

,, വി. ജെ. തങ്കപ്പൻ:

,, സി. കെ. ചക്രപാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങൾ തകർച്ചയെ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വ്യവസായങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

(എ) കയർ, കശുവണ്ടി, കൈത്തറി എന്നീ വ്യവസായങ്ങൾ ഇപ്പോൾ ഒരു തകർച്ചയെ നേരിടുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Reciprocal agreements between the Governments of Kerala and Karnataka in respect of inter State Transport

*[269] **Dr.A. Subba Rao**: Will the minister for transport be pleased to state:

(a) When was the last reciprocal agreement between the Goverments of Kerala and Karnataka in respect of inter-state transport, signed and brought into effect;

(b) Whether all the inter-state services and schedules as per agreement are being operated at present;

(c) If not, which is the State yet to start these services;

LIBRARY ARCHIVES Kerala Legislative Assembly

(d) Whether the Goverment have taken any steps to renew agreement, and if so the stage of the present negotiations?

Minister for transport **Shri. N. Sundaran Nadar:**

(a) The last reciprocal agreement between the Governments of Kerala and Karnataka in respect of interstate transport, signed and brought into effect on and from 1-7-1976.

(b) Permits for all the inter-state services and schedules as per agreement were issued for operation; except one permit in the route Calicut-Mysore (Via) Chamaraj Nagar for want of application from operators.

(c) Kerala could not start the service in the route Calicut-Mysore (Via) Chamaraj Nagar, for want of applicants for the permit.

(d) There is the question of renewing the existing agreement. But the existing agreement can be reviewed. Steps are being taken for this. Preliminary discussion at the level of Transport Commissioners was conducted on 11-7-1985 and 12-7-1985. Date for the subsequent discussion proposed to be held at Trivandrum has to be fixed on hearing from the Goverment of Karnataka.

കേരള ധാതുഗവേഷണവികസന പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ

* [270] ശ്രീ. ഇ. പത്മനാഭൻ:

,, എ. കെ. പത്മനാഭൻ:

,, എം. വി. രാഘവൻ:

,, സി.പി. മുസ്സമാൻകുട്ടി: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ധാതുപര്യവേഷണ വികസന പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രോജക്ടിന്റെ പ്രവർത്തന ഫലമായി എന്തെല്ലാം ധാതു നിക്ഷേപങ്ങൾ എവിടെയെല്ലാം കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ട്;

(സി) ധാതുപര്യവേഷണ വികസന പ്രോജക്ട് ഒരു സ്ഥിര സ്ഥാപനമായി നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്)

(എ) നിലമ്പൂരിലെ സ്വർണ നിക്ഷേപങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളും, അട്ടപ്പാടി പ്രദേശത്തു കണ്ടെത്തിയിട്ടുള്ള ഷിലൈറ്റ് നിക്ഷേപത്തെക്കുറിച്ചുള്ള വിശദപഠനവുമാണ് ഇപ്പോൾ പ്രോജക്ട് നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly